# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: 2020 ജൂലായ് 11 മുതൽ ജൂലായ് 15 വരെ)

## മലപ്പുറം ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/എം.പി.എം.55/2020 | തീയ്യതി: 10/07/2020 |
|---|---|

### എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 87.3 | 26.3 – 29.8 | 21.6 – 23.2 | 77– 95 | 06 -50 |

### ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 11.07.2020 | 12.07.2020 | 13.07.2020 | 14.07.2020 | 15.07.2020 |
|---|---|---|---|---|---|
| മഴ, മി.മീ | 4 | 9 | 6 | 25 | 15 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 23 | 23 | 23 | 23 | 23 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 95 | 95 | 95 | 95 | 95 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 77 | 77 | 77 | 77 | 77 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 12 | 12 | 14 | 16 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 290 | 320 | 320 | 320 |
| മേഘ വിന്യാസം, ഒക്ടാ | 7 | 8 | 8 | 8 | 8 |

### സി. കാർഷിക നിർദ്ദേശങ്ങൾ

| വിള | ഘട്ടം | പ്രശ്നങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|---|
| പൊതു നിർദ്ദേശങ്ങൾ | മഴ ലഭിക്കും.<br>തൊടികളിൽ വെള്ളം കെട്ടി നിൽക്കാൻ അനുവദിക്കരുത്. സമ്പൂർണ്ണ ശുചിത്വം അവലംബിക്കുക. | | |
| നെല്ല് | വിവിധ ഘട്ടം | പോള കരിച്ചിൽ  | മുൻ കരുതലായ് പ്സ്യൂഡോമോണാസ് ഫ്ലൂറസെൻസ് ( 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ) തളിക്കുക |

| | | | |
|---|---|---|---|
| നെല്ല് | ഞാറ്റടി/ തൈകൾ | ഓല ചുരുട്ടിപ്പുഴു  | മുള്ളുള്ള കമ്പു നെല്ലോലകൾക്കിടയിലൂടെ വലിച്ച് ചുരുളുകൾ തുറക്കുക. തണൽ വീഴുന്ന സ്ഥലങ്ങളിൽ ആക്രമണം കൂടുതലായിരിക്കും. നൈട്രജൻ വളങ്ങൾ അമിതമായി ഉപയോഗികരുത്.<br><br>ആക്രമണം രൂക്ഷമാണെങ്കിൽ മാത്രം 'കൊറാജെൻ' 3 മില്ലി പത്ത് ലിറ്റർ വെള്ളത്തിൽ എന്നതോതിൽ കലർത്തി തളിക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഇല മഞ്ഞളിപ്പും തുടർന്നുള്ള കൂമ്പുചീയലും  | അതിവർഷം കാരണം, ഓല മഞ്ഞളിപ്പും അനുബന്ധമായി കൂമ്പുചീയലും ഉണ്ടായേക്കാം. പ്രതിവിധിയായി ഓരോ തെങ്ങിൻ തടത്തിലും 2 കിഗ്രാം കുമ്മായം വീതം ചേർത്തുകൊടുക്കുക. തുടർന്ന,് രണ്ടാഴ്ച്ചയ്ക്ക് ശേഷം രാസ വളങ്ങളും 500 ഗ്രാം അയർ (സൂക്ഷ്മ മൂലക മിശ്രണം)-ഉം നല്കുക.<br><br>മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം ) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.<br><br>രോഗം കാണുകയാണെങ്കിൽ , പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും ബോർഡോകുഴമ്പ് പുരട്ടുകയും ചെയ്യുക. |
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | ഓല/പൂങ്കുല കരിച്ചിൽ  | തോട്ടങ്ങളിൽ നല്ല നീർവാർച്ച ഉറപ്പു വരുത്തുക. തണലുകൾ നീക്കി സൂര്യപ്രകാശം ലഭ്യമാക്കുക. ഓരോ കവുങ്ങിൻ തടത്തിലും ഒരു കിഗ്രാം കുമ്മായം വീതം ചേർത്തുകൊടുക്കുക. രണ്ടാഴ്ച്ചയ്ക്ക് ശേഷം കവുങ്ങൊന്നിന് 100 ഗ്രാം വീതം പൊട്ടാഷ് അധികമായി നല്കുക.ഓലകളിലും പൂങ്കുലകളിലും ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുളിർക്കെ തളിക്കുക. |
| | | അകാല അടയ്ക്കാ പൊഴിച്ചിൽ  | കവുങ്ങൊന്നിന് 100 ഗ്രാം വീതം പൊട്ടാഷ് അധികമായി നല്കുക. |
| കുരുമുളക് | വിവിധ ഘട്ടം | വാട്ട രോഗം  | വാട്ട രോഗത്തിനെതിരെ മുൻകരുതലായി ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക്-ചാണക മിശ്രിതം 150 ഗ്രാം വീതം തടത്തിൽ വിതറി മണ്ണുമായി ചേർത്തിളക്കുക. |

| | | | |
|---|---|---|---|
| വാഴ | വിവിധ ഘട്ടം (നേന്ത്രൻ വാഴ) | തടതുരപ്പൻ പുഴു  | കൃഷിയിടങ്ങളിൽ ശുചിത്വം പാലിക്കുക. അസുഖം ബാധിച്ച ചെടികൾ തീയിട്ടു നശിപ്പിക്കുക. വണ്ടിന്റെ ആക്രമണത്തെ തുടർന്നുണ്ടായ ദ്വാരങ്ങളിൽ ഫിപ്രോനിൽ 5% SC (ഒരു ലിറ്ററിന് 3 മില്ലി എന്ന തോതിൽ) ഒഴിച്ച് കൊടുക്കുക.<br>ബ്യൂവേറിയ ബസിയാന എന്ന മിത്ര കുമിൾ 5 , 6 , 7 മാസങ്ങളിൽ ഒരു ലിറ്ററിന് 20 ഗ്രാം എന്ന തോതിൽ കലക്കി ഒഴിച്ച് കൊടുക്കുക |
| | വിവിധ ഘട്ടം (നേന്ത്രൻ വാഴ) | കട ചീയൽ  | മുൻകരുതലായി സ്ട്രെപ്റ്റോസൈക്ലിൻ ലായനി (@2ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ കോപ്പർ ഹൈഡ്രോക്സൈഡ് (@20ഗ്രാം പത്തു ലിറ്റർ വെള്ളത്തിൽ ) വാഴത്തടത്തിൽ കുതിർക്കുക |
| മൃഗസംരക്ഷണം | വിവിധ ഘട്ടം | മുടന്തൻ പനി  | മഴക്കാലത്തിന്റെ ആഗമനത്തോടുകൂടി നമ്മുടെ നാട്ടിൽ വ്യാപകമായി കാണപ്പെടുന്ന ഒരു വൈറസ് രോഗമാണ് കന്നുകാലികളിലെ പനി. രക്തം കുടിക്കുന്ന ഈച്ചകളിൽ നിന്നും കൊതുകിൽ നിന്നും വൈറസ് ബാധയുണ്ടാകുന്നു. കിതപ്പ്, പനി, മൂക്കിൽ നിന്നും നീരൊലിപ്പ്, വിറയൽ, തീറ്റയെടുക്കാതിരിക്കൽ കാലുകളിലും കൈകളിലും മാറി മാറിയുള്ള മുടന്ത് എന്നിവയാണ് പ്രധാനപ്പെട്ട രോഗലക്ഷണങ്ങൾ. മൂന്നു ദിവസം രോഗലക്ഷണങ്ങൾ കാണപ്പെടും. പനി, പേശീവേദന എന്നിവ കുറയ്ക്കാനാണ് സാധാരണയായി ചികിത്സ നടത്തുന്നത്. ഒരു കാരണവശാലും നിർബന്ധപൂർവ്വം വെള്ളം കുടിപ്പിക്കാൻ ശ്രമിക്കരുത്. അത് ന്യുമോണിയ വരുത്താൻ സാധ്യതയുണ്ട്.<br>ഈച്ചകൾ പെരുകുന്നത് തടയണം. തൊഴുത്തിൽ ശുചിത്വം പാലിക്കണം. വേപ്പെണ്ണ, ഈച്ചകളെ അകറ്റുവാനുള്ള ലായനികൾ എന്നിവ ഉപയോഗിക്കാം.<br>രോഗ ലക്ഷണം കാണുകയാണെങ്കിൽ ഉടനെ തന്നെ ഡോക്ടറെ കണ്ട് ചികിത്സ തേടണം. |

ഒപ്പ് /-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി